ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഏതു സംഘടനയിൽ നിന്നായാലും ഏറ്റവും ഒടുവിൽ കിട്ടിയ നിവേദനം ഏതാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: ഏറ്റവും ഒടുവിൽ കിട്ടിയതു ഏതാണെന്നു നിശ്ചയമില്ല.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: തിരുവിതാംകൂർ എൻ. ജി. ഒ. സംഘടനയിൽനിന്നും ഏറ്റവും ഒടുവിൽ കിട്ടിയ നിവേദനം എന്താണ്?

ശ്രീ ടി. കെ. നാരായണപിള്ള: ചോദ്യം അവ്യക്തമാണ്. അതുകൊണ്ട് ഇപ്പോൾ മറുപടി പറയാൻ നിവൃത്തിയില്ല.

എൻ. ജി. ഒ. സംഘടനയ്ക്കു സ്വാതന്ത്ര്യം

†*വ്യ വ 0. (ഫ ®) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നല്കുമോ:—

(എ) എൻ. ജി. ഒ. സംഘടനയ്ക്ക്—മറ്റു സംഘടനകളെപ്പോലെ സ്വതന്ത്രമായി പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യം സർവ്വെണ്ടു തടഞ്ഞിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തുകൊണ്ട്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഗവൺമെണ്ടു് ജീവനക്കാരുടെ ഉദ്യോഗനടപടിച്ചട്ടങ്ങൾക്ക് (Government Servants' Conduct Rules) വിധേയമായി പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യം തടഞ്ഞിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

വയസ്സു തിരുത്തൽ നടപടി

*വ്യ വ 2. (ഫ സ) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നല്കുമോ.—

(എ) വയസ്സു തിരുത്തിയ എത്ര ഉദ്യോഗസ്ഥന്മാരുടെ പേരിൽ ഗവൺമെണ്ടു് നടപടിയെടുത്തിട്ടുണ്ട്;

(ബി) ഇനിയും ആരുടെയെങ്കിലും പേരിൽ നടപടി എടുക്കണമെന്നു ഗവൺമെണ്ടു് വിചാരിക്കുന്നുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) 170 ഗസ്സറ്റഡ് ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി എടുത്തിട്ടുണ്ട്.

(ബി) അതു് ഇപ്രകാരമുള്ള കുറ്റങ്ങൾ ഗവൺമെണ്ടു് ശ്രദ്ധയിൽ പെടുന്നതിനെ ആശ്രയിച്ചിരിക്കും.

ശ്രീമതി ദേവകി ഗോപിദാസ്: ഇപ്പോൾ ആരുടെയെങ്കിലും പേരിൽ ഈ സംഗതിയിൽ പരാതിയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ പരാതിയൊന്നുമില്ല.

ஸ்ரீ. ஏ. சிதம்பரநாத நாடார்: இந்த 60 பேர்களுக்குள் டி. எஸ். பி. அச்சுதனின் பெயர் வருகிறதா?

ஸ்ரீ. டி. கெ. நாராயணபிள்ளை: ஞாபகமில்லை.

† Answer to this question was laid on the table, the questioner having exhausted his quota.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. സി. പ്രസാദ്: വയസ്സു തിരുത്തിയ ഉദ്യോഗസ്ഥന്മാരെപ്പറ്റി അന്വേഷണം നടത്തി നടപടി നടത്തിയതിന്റെ ഫലമായി എന്തെങ്കിലും ഉദ്യോഗസ്ഥന്മാക്ക് ഗവണ്മെണ്ടിൽനിന്നും വലിയ തുക കൊടുക്കേണ്ടതായി വന്നിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിലേക്കുവേണ്ടി യാതൊരു തുകയും കൊടുക്കേണ്ടിവന്നിട്ടില്ല.

ശ്രീ. സി. സി. പ്രസാദ്: അന്വേഷണം നടത്തുന്നതിനായി ഉദ്യോഗസ്ഥന്മാരെ ആരെയെങ്കിലും സസ്പെൻഷനിൽ നിർത്തിയതിന്റെ ഫലമായി ഗവണ്മെണ്ടിൽനിന്നും നഷ്ടം കൊടുക്കേണ്ടി വന്നിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ നഷ്ടം കൊടുക്കേണ്ടതായി വന്നിട്ടില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഇക്കൂട്ടത്തിൽ സ്ത്രീകൾ ആരെങ്കിലും ഉൾപ്പെടുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

ശ്രീ. സി. സി. പ്രസാദ്: ശ്രീ. മാത്യു മുരിക്കനു് ഗവണ്മെൻറിൽ നിന്നും നഷ്ടം കൊടുക്കേണ്ടിവന്നിട്ടുണ്ടെന്നു് പത്രങ്ങളിൽ ഒരു പരാതി ഉണ്ടായിരുന്നു. അതിന്റെ വാസ്തവം എന്തായിരുന്നു?

ശ്രീ. ടി. കെ. നാരായണപിള്ള: എനിക്കു് പറയാനുള്ള ഉത്തരം ഞാൻ പറഞ്ഞുകഴിഞ്ഞു.

സാഹിബ് ബഹദൂർ മഹമ്മദ് മുസ്തഫാ: വയസ്സു തിരുത്തിയ കാര്യം ആരാണു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെടുത്തുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: സാധാരണയായി സംശയം തോന്നിയാൽ പോലീസ് മുഖാന്തിരം അന്വേഷണം നടത്തും. പോലീസിന്റെ അന്വേഷണ ഫലം അറിഞ്ഞതിനുശേഷം ഗവണ്മെൻറു് ആ റിപ്പോർട്ട് പരിശോധിച്ചു് തീരുമാനമെടുക്കും.

സാഹിബ് ബഹദൂർ മഹമ്മദ് മുസ്തഫാ: പോലീസ് ശ്രദ്ധയിൽ പെടുത്താതെതന്നെ വയസ്സു തിരുത്തിയിട്ടുണ്ടെന്നു് ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടാൽ ഗവണ്മെൻറു നടപടികൾ എടുക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടാൽ തീർച്ചയായും നടപടിയെടുക്കും.

സാഹിബ് ബഹദൂർ മഹമ്മദ് മുസ്തഫാ: വയസ്സു തിരുത്തിയകാര്യം എങ്ങിനെയാണു് ഗവണ്മെൻറിനു ബോദ്ധ്യമാകുന്നതു്.

ശ്രീ. ടി. കെ. നാരായണപിള്ള: സാധാരണ മറ്റുകാര്യങ്ങളെല്ലാം ഗവണ്മെൻറിനു ബോദ്ധ്യമാകുന്നതുപോലെ തന്നെയാണു് ഇതും ബോദ്ധ്യമാകുന്നതു്.

സാഹിബ് ബഹദൂർ മഹമ്മദ് മുസ്തഫാ: വയസ്സു തിരുത്തൽ സംബന്ധിച്ചു സർവ്വീസിൽ മുഴുവൻ സമഗ്രമായ ഒരന്വേഷണം നടത്താൻ എന്തെങ്കിലും ഏർപ്പാടു ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: സംശയം തോന്നുമ്പോൾ മാത്രമേ അന്വേഷണം നടത്താറുള്ളൂ.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു: ഈ സംസ്ഥാനത്തെ ചീഫ് ജസ്റ്റീസിനു് എത്ര വയസ്സുണ്ടെന്നു് ഗവണ്മെൻറിനു് അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിയാം.

LIBRARY ARCHIVES Kerala Legislative Assembly